കേന്ദ്രഗവൺമെന്റിന്റെ എം.എം.പി.ഒ. രജിസ്ട്രേഷനുള്ള പാൽ വിതരണം ചെയ്യുന്ന പ്രൈവറ്റ് ഏജൻസികൾ വെളിയിൽ നിന്നും പാൽ കൊണ്ടുവരാൻ പാടില്ല. 'മിൽമ'യിൽ നിന്നുതന്നെ പാൽ എടുക്കണമെന്ന സംസ്ഥാന ഗവൺമെന്റിന്റെ അഭ്യർത്ഥന ഇപ്പോൾ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചു. അതുകൊണ്ട് സ്കാര്യ ഡയറികൾ മിൽമയിൽനിന്നുമാണ് പാൽ ശേഖരിക്കേണ്ടതെന്ന ഒരു തീരുമാനം കേന്ദ്രഗവൺമെന്റ് എടുത്തിട്ടുണ്ട്. പക്ഷേ, എത്രത്തോളം പ്രാവർത്തികമാകുമെന്ന് അറിയില്ല. കേരളത്തിൽ കാലിത്തീറ്റയ്ക്ക് വിലകുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഇപ്പോൾ കുറെ സമയമെടുക്കും. അത് മറ്റൊരവസരത്തിൽ നമുക്ക് നടപ്പിലാക്കാം. എന്നാൽ ഒരുകാര്യം വ്യക്തമായിട്ട് പറയാൻ കഴിയും. കാർഷിക മേഖലയിൽ കൃഷിക്കാരുടെ എല്ലാ ഉല്പന്നങ്ങൾക്കും വില കൂടിയിട്ടില്ല. എന്നാൽ കുറയാത്ത മേഖലയും ക്ഷീര മേഖലയാണ്. ഇവിടെ മൂന്ന് റീജിയനുണ്ട്. അതിൽ തിരുവനന്തപുരം മേഖലയിലും മലബാർ മേഖലയിലുമെല്ലാം ഞങ്ങളുടെ നേതാക്കൻമാർ തന്നെയാണ് ഭരിച്ചുകൊണ്ടിരിക്കുന്നത്. അവിടെ വലിയ കുഴപ്പമില്ല. എറണാകുളം മേഖലയിലാണ് കുറച്ച് കുഴപ്പമുണ്ടായിരിക്കുന്നത്. അത് പുനഃസംഘടിപ്പിക്കാൻ ഇപ്പോൾ നാലുകോടി രൂപയുടെ ഒരു പദ്ധതി നാഷണൽ ഡയറിയിൽ നിന്നും അംഗീകരിച്ചിട്ടുണ്ട്. അതുകൂടി വരുമ്പോൾ പാലിന്റെ സംഭരണവും വിതരണവും മെച്ചപ്പെടുത്താൻ സാധിക്കുമെന്നാണ് വിചാരിക്കുന്നത്. പെൻഷൻ കാര്യത്തിൽ നടപടി എടുത്തുവരികയാണ്.

(5) കൊടുങ്ങല്ലൂരിലെ പുല്ലൂറ്റ് കായലിൽ ജലമലിനീകരണം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, എന്റെ നിയോജകമണ്ഡലമായ കൊടുങ്ങല്ലൂരിലെ പുല്ലൂറ്റുകായലിൽ മത്സ്യ സമ്പത്ത് നശിപ്പിക്കുംവിധം ജലമലിനീകരണം നടത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കണമെന്ന ആവശ്യമാണ് ഞാൻ ഈ സഭയിൽ വയ്ക്കുന്നത്. പുല്ലൂറ്റിലെ പൊക്കാളി പാടശേഖരങ്ങൾക്ക്, അത് ജനകീയ മത്സ്യകൃഷിക്ക് തയ്യാറാകുമ്പോൾ, വിഷരാസവസ്തുക്കൾ ഉപയോഗിക്കുന്നതുമൂലം ജലം മലിനമാകുന്നു. ഈ മലിനജലം പമ്പ്ചെയ്ത് കായലിലേയ്ക്ക് ഒഴുകുമ്പോൾ കായലിലെ മത്സ്യസമ്പത്ത് മുഴുവൻ നശിക്കുന്നു. പൊക്കാളി കൃഷി വികസന ഏജൻസിയും ADAK-ഉം സാമ്പത്തിക സഹായം നൽകുന്നുവെങ്കിലും മത്സ്യത്തൊഴിലാളികൾക്ക് അതുകൊണ്ട് ഫലം കിട്ടുന്നില്ല. എഞ്ചിൻവച്ച് വെള്ളം കായലിലേയ്ക്ക് പമ്പ് ചെയ്യുന്നതുകാരണം വേലിയേറ്റവും ഇറക്കവും തടസ്സപ്പെടുന്നതുകൊണ്ട് മത്സ്യം കായലിലേയ്ക്ക് വരുന്നില്ല. മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാണ്. കൂടാതെ വെള്ളത്തിന്റെ ലവണാംശം വർദ്ധിക്കുന്നു. പരിസ്ഥിതി പ്രശ്നവുമുണ്ടാകുന്നു. ചെളിയ്ക്കടിയിലുള്ള മത്സ്യം വരെ നശിക്കുന്നു. അതുകൊണ്ട് എഞ്ചിൻ ഉപയോഗിച്ച് വെള്ളം കായലിലേയ്ക്ക് പമ്പ് ചെയ്യുന്നത് നിർത്തണമെന്നും ജലമലിനീകരണത്തിനുത്തരവാദി ആയവരുടെ പേരിൽ നടപടിയെടുത്ത് മത്സ്യസമ്പത്തും പരിസ്ഥിതിയും സംരക്ഷിക്കണമെന്നും അതുവഴി മത്സ്യത്തൊഴിലാളികളെ സഹായിക്കണമെന്നും ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, കൊടുങ്ങല്ലൂർ താലൂക്കിലെ പുല്ലൂറ്റ് വില്ലേജിൽ നാരായണമംഗലം ദേശത്ത് ഏകദേശം 50 ഹെക്ടർ സ്ഥലത്ത് ചെമ്മീൻകൃഷി നടത്തി വരുന്നുണ്ട്. ഇവിടെ കളമത്സ്യങ്ങളായ കരിപ്പടി, വള്ളത്തി മുതലായവയെ നശിപ്പിക്കുന്നതിനായി നീർവാളക്കുരു, മരുവ തുടങ്ങിയ ജൈവപദാർത്ഥങ്ങളാണ് ഉപയോഗിക്കുന്നത്. ഈ ചെമ്മീൻകെട്ടുകളിലേയ്ക്ക് വേലിയേറ്റ സമയങ്ങളിൽ എഞ്ചിൻ ഉപയോഗിച്ച് വെള്ളം പമ്പുചെയ്യുന്നുണ്ടെന്ന് പരാതി ലഭിച്ചിട്ടുണ്ട്. ആ പരാതി സംബന്ധിച്ച് നേരിട്ട് അന്വേഷണം നടത്തുന്നതിനായി ഫിഷറീസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചെമ്മീൻകെട്ടുകളിലെ വെള്ളം കായലിലേയ്ക്ക് തുറന്നുവിടരുതെന്ന് കർശനമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ചെമ്മീൻ കർഷകരെ നേരിൽക്കണ്ട് ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശം അന്വേഷണ ഉദ്യോഗസ്ഥർ നൽകിയിട്ടുണ്ട്. സമാനമായ ഒരു പരാതി കൊടുങ്ങല്ലൂർ നഗരസഭയിലെ ആരോഗ്യവകുപ്പധികൃതർക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അവരും പ്രസ്തുത സ്ഥലത്തുപോയി അന്വേഷണം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കക്ഷികൾക്ക് നൽകിയിട്ടുണ്ട് എന്ന് അറിയാൻ കഴിഞ്ഞു. ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ യഥാസമയം ജില്ലാകളക്ടർ മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരുമായി ബന്ധപ്പെട്ട തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(6) കോഴിക്കോട് പന്നിയങ്കര റെയിൽവേ മേൽപാലത്തിന്റെ നിർമ്മാണം

ശ്രീ. എളമരം കരീം : സർ, കോഴിക്കോട് നഗരത്തിലെ പന്നിയങ്കര റെയിൽവേ ഗേറ്റിന് മേൽപ്പാലം നിർമ്മിക്കുന്നതിന് 625 ലക്ഷം രൂപയ്ക്ക് കേരള സർക്കാർ ഭരണാനുമതി നൽകുകയും പൊതുമരാമത്തുവകുപ്പ് അലൈൻമെന്റ് തയ്യാറാക്കി റെയിൽവേയുടെ അംഗീകാരം വാങ്ങുകയും boring test നടത്തി ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടാക്കാനുള്ള നടപടികൾ വരെ പൂർത്തീകരിക്കുകയും ചെയ്തതിനുശേഷം പ്രസ്തുത പ്രവർത്തി ഇപ്പോൾ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷന് ഗവൺമെന്റ് hand over ചെയ്തിരിക്കുന്നു. അതിനെത്തുടർന്ന് അവർ പരിശോധന നടത്തിയപ്പോൾ ഇത് ഡെപ്പോസിറ്റ് വർക്കായതുകൊണ്ട് അവർക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഈ വർഷത്തെ ബഡ്ജറ്റിൽ വോളിയം 1-ൽ 50 ലക്ഷം രൂപ ഈ പ്രവൃത്തിക്കുവേണ്ടി സർക്കാർ നീക്കിവച്ചിട്ടുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് അടിയന്തിരമായി ഈ പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള 22 മേൽപ്പാലങ്ങൾ പണിയാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. അതിൽ 15 മേൽപ്പാലങ്ങളുടെ ടെൻഡർ വിളിച്ച് എഗ്രിമെന്റായിക്കഴിഞ്ഞു. മറ്റ് ഏഴെണ്ണവും കൂടി രണ്ടാഴ്ചയ്ക്ക് ഉള്ളിലാകും. അത് 140 കോടി രൂപയുടെ വർക്കാണ്. അതിൽ ഈ വർക്കിനെ

LIBRARY ARCHIVES Kerala Legislative Assembly